പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.270 28.10.2019 ൽ മറുപടിക്ക്

## കൊട്ടാരക്കര മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാൻ നാളിതുവരെ നിശ്ചയിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലം ജില്ലയിലെ 12 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി തെരെഞ്ഞെടുത്തു. രണ്ടാം ഘട്ടത്തിൽ 38 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പട്ടികയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) | 2017-18 ൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം, ഉമ്മന്നൂർ, കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. 2018-19 ൽ എഴുകോൺ, നെടുവത്തൂർ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | അവയിൽ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും ഇനിയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റേണ്ട കേന്ദ്രങ്ങളിൽ നടക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ? | (സി) | അവയിൽ ഉമ്മന്നൂർ, വെളിയം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റാനുള്ള സ്ഥാപനങ്ങളിൽ സിവിൽ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ